Intellect Thought Submission
MSM
mujahid students movement
KERALA

ENLIGHTENING GENERATIONS
CRE
CONTINUING RELIGIOUS EDUCATION
MUJAHID STUDENTS MOVEMENT

# CRE 2025-26

## SESSION 04

**04 - 10 JULY 2025**

# Segment 1

QURANVERSE
Realm of Revelation

Objectives

1. സൂറഃ മനഃപാഠമാക്കൽ.
2. ഖുർആൻ ആശയം ഗ്രഹിച്ച് പഠിക്കാൻ പ്രോത്സാഹനം നൽകൽ.
3. തജ്‌വീദോടു കൂടി ഖുർആൻ പാരായണം ചെയ്യാൻ പ്രചോദിപ്പിക്കൽ.

## സൂറത്തുൽ മസദ്

Surah Al-Masad | Chapter 111 | Qari Nishad Ahmed | QuranVerse

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

تَبَّتۡ يَدَآ أَبِي لَهَبٖ وَتَبَّ ١

**അബൂലഹബിന്റെ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു.**

تَبَّتْ നശിക്കട്ടെ, നഷ്ടപ്പെട്ടു, വലയട്ടെ يَدَا أَبِي لَهَبٍ അബൂലഹബിന്റെ ഇരുകരങ്ങൾ, കൈകൾ
وَتَبَّ അവൻ നശിക്കയും ചെയ്തിരിക്കുന്നു, അവനും നശിക്കട്ടെ

مَآ أَغۡنَىٰ عَنۡهُ مَالُهُۥ وَمَا كَسَبَ ٢

**അവൻറെ ധനമോ അവൻ സമ്പാദിച്ചുവെച്ചതോ അവനു ഉപകാരപ്പെട്ടില്ല.**

مَا أَغْنَى പര്യാപ്തമാക്കിയില്ല, ഉപകാരപ്പെട്ടില്ല, ഐശ്വര്യമാക്കിയിട്ടില്ല عَنْهُ مَالُهُ അവനു അവന്റെ ധനം وَمَا كَسَبَ അവൻ സമ്പാദിച്ചതും

سَيَصۡلَىٰ نَارٗا ذَاتَ لَهَبٖ ٣

**തീജ്വാലകളുള്ള നരകാഗ്നിയിൽ അവൻ പ്രവേശിക്കുന്നതാണ്.**

سَيَصْلَىٰ വഴിയെ അവൻ കടന്നെരിയും نَارًا ഒരു അഗ്നിയിൽ ذَاتَ لَهَبٍ ജ്വാലയുള്ളതായ

وَامْرَأَتُهُ حَمَّالَةَ الْحَطَبِ ﴿٤﴾

**വിറകുചുമട്ടുകാരിയായ അവൻറെ ഭാര്യയും.**

وَامْرَأَتُهُ അവന്റെ സ്ത്രീ (ഭാര്യ)യും حَمَّالَةَ ചുമട്ടുകാരി الْحَطَبِ വിറക്

فِي جِيدِهَا حَبْلٌ مِنْ مَسَدٍ ﴿٥﴾

**അവളുടെ കഴുത്തിൽ ഈന്തപ്പനനാരുകൊണ്ടുള്ള ഒരു കയറുണ്ടായിരിക്കും.**

فِي جِيدِهَا അവളുടെ കഴുത്തിലുണ്ട്, കഴുത്തിലുണ്ടാകും حَبْلٌ ഒരു കയർ مِّن مَّسَدٍ (ഈത്തനാരിന്റെ) ചൂടിയുടെ, പിരിച്ച ചൂടികൊണ്ടുള്ള

# തജ്‌വീദ്

## ദീർഘങ്ങൾ       : مدّ

**ദീർഘാക്ഷരങ്ങൾ (حروف المد)  മൂന്നെണ്ണമാണ് :**

ا , و , ى

**1. الف - فتحة ന്റെ ദീർഘത്തിന് الف  ചേർക്കുന്നു.     ഉദാ:- نارًا**

**2. الواو - ضمّة ന്റെ ദീർഘത്തിന് واو ചേർക്കുന്നു.     ഉദാ:- يقول**

**3. الياء - كسرة ന്റെ ദീർഘത്തിന് ياء ചേർക്കുന്നു.     ഉദാ:- أبي لهب**

**ദീർഘം രണ്ട് വിഭാഗമാണ് :**

**സാധാരണ ദീർഘം (مدّ الأصلي).**

**അസാധാരണ ദീർഘം (مدّ الفرعى).**

**സാധാരണ ദീർഘം  രണ്ട് حركة നീട്ടുകയും അസാധാരണ ദീർഘം രണ്ടിലധികം حركة  നീട്ടുകയും ചെയ്യുന്നു.**

أعوذ بالله من الشيطان الرّجيم

**ഇതിൽ എത്ര ദീർഘമുണ്ടെന്ന് നോക്കൂ.. എല്ലാം സാധാരണ ദീർഘം തന്നെയാണ്.**

**അസാധാരണ  ദീർഘം നമുക്ക് വരും  സൂറത്തുകളിൽ  പഠിക്കാം.. ان شاء الله**

മറ്റു ഉദാഹരണങ്ങൾ:

1) وَالْعَادِيَاتِ ضَبْحًا

2) فَالْمُورِيَاتِ قَدْحًا

3) فَالْمُغِيرَاتِ صُبْحًا

**Segment 2**

**Camproot**
a moral compass...

**ഈമാൻ കാര്യങ്ങൾ**

# 1. അല്ലാഹുവിലുള്ള വിശ്വാസം

Objectives

1. ദൈവ വിശ്വാസം ഊട്ടിയുറപ്പിക്കൽ
2. അല്ലാഹുവിനെ യഥാർത്ഥ രൂപത്തിൽ മനസ്സിലാക്കൽ
3. തെറ്റായ ദൈവിക സങ്കൽപങ്ങളുടെ വ്യർത്ഥത ബോധ്യപ്പെടൽ

**🛬 അഹമ്മദാബാദ് വിമാനാപകടം ഓർമ്മയുണ്ടോ?**

**അപകടം ഉണ്ടാകുമ്പോൾ അതിന്റെ കാരണം എന്താണ് എന്ന് അന്വേഷിക്കും.**

**അതിന് ആദ്യം എങ്ങിനെ എന്നറിയണം.**

**Take ഓഫിന് ശേഷം വിമാനം ഉയരാൻ കഴിയാതെ താഴോട്ട് പതിക്കുകയായിരുന്നു എന്ന് മനസ്സിലായി?**

**എന്തുകൊണ്ട് ?**

**🔺 ജൂലൈ 2ന് വന്ന വാർത്തകൾ പ്രകാരം 2 എഞ്ചിനും തകരാറിലായതാണ് കാരണം എന്നാണ് നിഗമനം.**

**🔺 ഇനി അതിന് കാരണം എന്ത് എന്നറിയണം.**

**🔺 അടുത്തതായി ബ്ലാക് ബോക്സുകളുടെ പരിശോധന നടക്കുന്നു എന്നാണ് വാർത്ത.**

**( പുതിയ വാർത്ത പരിശോധിക്കു.)**

**🔹 ചുരുക്കിപ്പറഞ്ഞാൽ,**

**നമ്മൾ കാരണങ്ങളെ ചികഞ്ഞു ചികഞ്ഞു കണ്ടെത്തുന്നു.**

🟨 കാരണങ്ങൾ ഇല്ലാതെ പ്രപഞ്ചത്തിൽ ഒന്നും സംഭവിക്കുന്നില്ല എന്ന് മനസ്സിലാക്കുന്നത് കൊണ്ടാണ് നമ്മൾ കാരണം അന്വേഷിക്കുന്നത്.

❇️ പ്രപഞ്ചത്തിലെ ഓരോ വസ്തുവിനും വസ്തുതക്കും അതിനപ്പുറത്തുള്ള ഒരു കാരണമുണ്ട്; ചിലപ്പോൾ ഒന്നിലേറെയുണ്ടാകാം. ഓരോന്നിന്റെയും കാരണം കണ്ടെത്തുമ്പോൾ ആ കാരണത്തിന്റെ കാരണം അന്വേഷിക്കേണ്ടി വരും.

🔴 എന്നാൽ ഈ കാരണങ്ങൾ അനന്തമായി (infinite ആയി) തുടർന്നു പോകുമോ? ഒരിക്കലും സാധ്യമല്ല.

അത് കാരണങ്ങളാവശ്യമില്ലാത്ത ഒരുവനിൽ അവസാനം എത്തിച്ചേരുകയാണ് ചെയ്യുന്നത്. (An uncaused cause). അവനാണ് എല്ലാ അന്വേഷണങ്ങളുടെയും അന്ത്യം.

🔵 കാരണങ്ങൾ ഒന്നും ആവശ്യമില്ലാത്ത അവന് പ്രപഞ്ചത്തിലെ നിയമങ്ങളൊന്നും ബാധകമായിക്കൂടാ. അഥവാ, അവൻ പദാർഥാതീതനായിരിക്കണം. പ്രപഞ്ചത്തിന് പുറത്തുള്ളവനാകണം.

🟩 പ്രപഞ്ചത്തിലെ ചെറുതും വലുതുമായ പ്രതിഭാസങ്ങളെയെല്ലാം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്ത് കൊണ്ടിരിക്കുന്ന അസ്തിത്വത്തെയാണ് ഇസ്‌ലാം അല്ലാഹു എന്ന് വിളിക്കുന്നത്.

🔹 എന്നാൽ, അല്ലാഹു കേവലമായ ഒരു ശക്തിയോ അന്ധമായ ഒരു കാരണമോ ഉൺമയില്ലാത്ത ഒരു ഊർജരൂപമോ അല്ല.

കൃത്യമായ ലക്ഷ്യത്തോട് കൂടെ (purposefully) ഈ പ്രപഞ്ചത്തെ സംവിധാനിച്ച സ്രഷ്ടാവാണ്.

🟥 നിങ്ങളൊരു ഹോട്ടലിൽ റൂം ബുക്ക് ചെയ്തു എന്ന് വിചാരിക്കുക. ഹോട്ടലിലെത്തിയപ്പോൾ റിസപ്ഷനിസ്റ്റ് കീ തന്നപ്പോൾ, അതിലുള്ള റൂം നമ്പർ നിങ്ങളുടെ ഫേവറൈറ്റ് നമ്പർ. ഡോർ തുറന്നു അകത്തു കയറിയപ്പോൾ നിങ്ങളുടെ ഇഷ്ട നിറത്തിലുള്ള ബെഡ് ഷീറ്റാണ് വിരിച്ചിരിക്കുന്നത്. അവിടെയുള്ള ബുക് ഷെൽഫിൽ നിങ്ങൾക്ക് ഇഷ്ടമുള്ള പുസ്തകങ്ങൾ മാത്രം. റൂമിൽ നിങ്ങൾക്കിഷ്ടമുള്ള ഗാനങ്ങളുടെ playlist കേൾക്കുന്നു. നിങ്ങൾക്കിഷ്ടമുള്ള ഫ്രൂട്ട്സ് മാത്രം തയ്യാറാക്കി വെച്ചിരിക്കുന്നു. അങ്ങനെ എല്ലാമെല്ലാം....

എന്താണ് ഇതിൽ നിന്ന് മനസ്സിലാക്കുക, അവിചാരിതമായി ഇതെല്ലാം അങ്ങനെ ആയിപ്പോയതാണ് എന്നാണോ?

**അതോ ഹോട്ടലുകാർ നിങ്ങളുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ വഴിയോ മറ്റോ നിങ്ങളുടെ ഇഷ്ടങ്ങൾ അറിഞ്ഞ് തയ്യാറാക്കിയതാണ് എന്നാണോ?**

**രണ്ടാമത്തേത് തന്നെയല്ലേ?**

🔹 **ഒരു ചെറിയ റൂമിലെ ഏതാനും കാര്യങ്ങൾ കൊണ്ട് മാത്രം നമ്മൾ ഇങ്ങനെ ഒരു നിഗമനത്തിലെത്തുന്നു.**

♦️ **എങ്കിൽ ഈ പ്രപഞ്ചത്തിലെ ഓരോ ഘടകങ്ങളും ജീവൻ ഉണ്ടാകാനും നിലനിൽക്കാനും പാകത്തിൽ കൃത്യമായി സംവിധാനിക്കപ്പെട്ടത് യാദൃശ്ചികമായാണ് എന്ന് എങ്ങനെ പറയാൻ കഴിയും?**

🟪 **ജീവൻ ഉണ്ടാകാൻ പാകത്തിലുള്ള ഒരു പ്രപഞ്ചം ഉണ്ടാകുവാനുള്ള സാധ്യത, 10^(10^123)** *(10 raised to the power of 10 raised to 123)* **സാധ്യതകളിൽ ഒന്ന് മാത്രം ആണെന്ന് പ്രഗൽഭ ബ്രിട്ടീഷ് ഗണിതജ്ഞൻ (Mathematician) ആയ റോജർ പെൻറോസ് കണക്ക് കൂട്ടുന്നുണ്ട്.**

**[ 10^{1230} എന്നാൽ 1 കഴിഞ്ഞ് 1230 "0" ഇട്ടാൽ ലഭിക്കുന്ന നമ്പർ. അതിനേക്കാൾ എത്രയോ വലിയ നമ്പറാണ് 10^(10^123).]**

❇️ **അപ്പൊൾ സംഭവ്യതാസിദ്ധാന്തം (Probability) പ്രകാരം ഒരു സ്രഷ്ടാവില്ലാതെ പ്രപഞ്ചമുണ്ടാകുവാനുള്ള സാധ്യത പൂജ്യമാണെന്നാണ് റോജർ പെൻറോസ് സ്ഥാപിക്കുന്നത്.**

✳️**ബ്രിട്ടീഷ് ഫിലോസഫറായിരുന്ന ആന്റണി ഫ്ല്യൂ ഒരു കടുത്ത നിരീശ്വര വാദ പ്രചാരകനായിരുന്നു.**

**പ്രപഞ്ച സൃഷ്ടിപ്പിലെ ബുദ്ധി വൈഭവത്തേയും DNA യിലെ അതി സങ്കീർണ്ണതയെയും കുറിച്ച് പഠിച്ചപ്പോൾ അദ്ദേഹം പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പിന് പിന്നിൽ ഒരു ഇന്റലിജന്റ് ഡിസൈനർ ഉണ്ട് എന്ന തിരിച്ചറിവിലെത്തി.**

**"THERE IS NO A GOD - How the world's most notorious atheist changed his mind" എന്ന പുസ്തകം രചിച്ചു.**

## ആരാണ് അല്ലാഹു?

**ഗോഡ് (ഇംഗ്ലീഷ്), ഖുദാ (ഉർദു), ദൈവം (മലയാളം) - ആരാധിക്കപ്പെടുന്നത് - ഇലാഹ് (അറബിക്)**

الله = ال + إله

## അൽ ഇലാഹ്

**സാക്ഷാൽ ദൈവം / ആരാധിക്കപ്പെടാൻ യഥാർത്ഥത്തിൽ അർഹതയുള്ളവൻ**

**ഏതെങ്കിലും മതത്തിന്റെയോ ഗോത്രത്തിന്റെയോ ദേശത്തിന്റെയോ മാത്രം ദൈവമല്ല; അഖില ചരാചരങ്ങളുടെയും സ്രഷ്ടാവും സംരക്ഷകനും പരിപാലകനുമാണ് ഖുർആൻ പരിചയപ്പെടുത്തുന്ന അല്ലാഹു.**

ٱللَّهُ خَٰلِقُ كُلِّ شَىْءٍۖ وَهُوَ عَلَىٰ كُلِّ شَىْءٍ وَكِيلٌ

**അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവുമാകുന്നു.**

**[Surah Az-Zumar 39: 62]**

**[മറ്റു ചില ആയത്തുകൾ :- 40:62, 43:64, 6:101,102]**

🔺 **അല്ലാഹു എന്ന പേര് ഖുർആൻ കൊണ്ട് വന്നതല്ല, അറബികൾക്കിടയിൽ നേരത്തെ പ്രചാരത്തിലുണ്ടായിരുന്നു.**

🔺 **ബഹുദൈവാരാധകരായ അറബികളുടെ ആരാധ്യർ: ലാത്ത, ഉസ്സ, മനാത്ത, ഹുബൽ .**

❇️ **ഇവരൊന്നും സ്രഷ്ടാവാണ് എന്ന് അവർ വിശ്വസിച്ചില്ല. ഇവയെല്ലാം യഥാർത്ഥ ദൈവത്തിലേക്കുള്ള ഇടയാളൻമാരോ ശുപാർശകരോ ആണെന്നായിരുന്നു അവരുടെ വിശ്വാസം.**

❇️ **സർവ്വശക്തനും സർവ്വലോക സ്രഷ്ടാവുമായ യഥാർത്ഥ ദൈവത്തെ അവർ വിളിച്ചിരുന്നത് അല്ലാഹു എന്ന് തന്നെയായിരുന്നു.**

وَلَئِن سَأَلْتَهُم مَّنْ خَلَقَهُمْ لَيَقُولُنَّ ٱللَّهُۖ فَأَنَّىٰ يُؤْفَكُونَ

**"ആരാണ് അവരെ സൃഷ്ടിച്ചതെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും: അല്ലാഹു എന്ന്. അപ്പോൾ എങ്ങനെയാണ് അവർ വ്യതിചലിപ്പിക്കപ്പെടുന്നത്?"**

**[Surah Az-Zukhruf: 87]**

**[ മറ്റു ചില ആയത്തുകൾ :- 29:61, 29:63, 23:84-89 ]**

🔻 അബ്ദുല്ല (അല്ലാഹുവിന്റെ അടിമ) എന്ന പേര് അറബികൾക്കിടയിൽ അന്ന് തന്നെ വ്യാപകമായിരുന്നു.

(ഉദാ: നബി(സ്വ) യുടെ ഉപ്പയുടെ പേര്)

❇️ അവിടെ ജീവിച്ചിരുന്ന യഹൂദരും, ക്രൈസ്തവരുമെല്ലാം യഥാർത്ഥ ദൈവത്തെ അല്ലാഹു എന്ന് തന്നെയായിരുന്നു വിളിച്ചത്.

❇️ അറബി ബൈബിളിൽ ഇന്നും യഥാർത്ഥ ദൈവത്തെക്കുറിക്കുന്നതിന് "അല്ലാഹു" എന്ന് പ്രയോഗിക്കുന്നു.

💠ഉദാ: ബൈബിൾ പുതിയ നിയമം - യോഹന്നാന്റെ സുവിശേഷം 1:1-2

١ فِي البدء كَانَ الكَلِمَةُ، والكَلِمَةُ كَانَ عِندَ اللهِ، وكان الكلمة الله.

٢ هذا كَانَ فِي البَدءِ عِندَ اللهِ.

1 ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു.

2 ഈ വചനം ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു

## ബഹുദൈവ സങ്കൽപത്തിന്റെ നിരർഥകത

🔻 മനുഷ്യ ശരീരത്തിലെ ഓരോ വ്യവസ്ഥയും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്.

🔻 ജന്തുക്കളും സസ്യങ്ങളും സ്വന്തം നിലനിൽപിന് വേണ്ടി പരസ്പരം ആശ്രയിക്കുന്നു.

ഓരോ ജീവിക്കും വ്യത്യസ്ത സ്രഷ്ടാക്കൾ ആയിരുന്നെങ്കിൽ?

مَا ٱتَّخَذَ ٱللَّهُ مِن وَلَدٍ وَمَا كَانَ مَعَهُۥ مِنْ إِلَٰهٍۚ إِذًا لَّذَهَبَ كُلُّ إِلَٰهٍۭ بِمَا خَلَقَ وَلَعَلَا بَعْضُهُمْ عَلَىٰ بَعْضٍۚ سُبْحَٰنَ ٱللَّهِ عَمَّا يَصِفُونَ

[Surah Al-Muʾminūn: 91]

"അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം യാതൊരു ആരാധനക്കർഹനുമില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഓരോ

ദൈവവും താൻ സൃഷ്ടിച്ചതുമായി പോയിക്കളയുകയും, അവരിൽ ചിലർ ചിലരെ അടിച്ചമർത്തുകയും ചെയ്യുമായിരുന്നു. അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധൻ!"

❇️ ഓരോ ദൈവവും തങ്ങളുടേതും കൊണ്ട് പോകും...

(ഒരു ബസിന് ഒരേ സമയം 2 ഡ്രൈവർ ഉണ്ടെങ്കിൽ, 2 പേരും തങ്ങൾക്ക് ഇഷ്ടമുള്ളത് പോലെ ഡ്രൈവ് ചെയ്താൽ എന്താകും സ്ഥിതി?)

❇️ പ്രാപഞ്ചിക വ്യവസ്ഥയിലുടനീളം ഒരു താളക്രമം കാണാൻ കഴിയും.

🔺 ഒരു ആറ്റത്തിന്റെ അകത്തെ ഇലക്ട്രോണുകളും പ്രൊട്ടോണുകളും ന്യൂട്രോണുകളും മീസോണുകളും പോസിട്രോണുകളുമെല്ലാം തമ്മിൽ ഒരു പാരസ്പര്യമുണ്ട്.

🔺 അവയെയെല്ലാം സൃഷ്ടിച്ചത് ഒരേ സ്രഷ്ടാവ് തന്നെയാണ് എന്നത് കൊണ്ടാണത്.

🔺 ഓരോ നക്ഷത്രത്തിനും ഗ്രഹത്തിനും ഒക്കെ വെവ്വേറെ ദൈവങ്ങളാണ് എങ്കിൽ അവ തമ്മിൽ കൂട്ടിയിടിച്ച് എന്നോ നശിച്ച് പോകുമായിരുന്നു.

❇️ പ്രപഞ്ചത്തിന്റെ ആധിപത്യത്തിൽ ഒന്നിലേറെ ശക്തികൾക്ക് പങ്കുണ്ടെങ്കിൽ അവർ തമ്മിലുള്ള സംഘട്ടനം കൊണ്ട് തന്നെ പ്രപഞ്ചം ഇല്ലാതാകുമായിരുന്നു.

لَوْ كَانَ فِيهِمَآ ءَالِهَةٌ إِلَّا ٱللَّهُ لَفَسَدَتَا ۚ فَسُبْحَـٰنَ ٱللَّهِ رَبِّ ٱلْعَرْشِ عَمَّا يَصِفُونَ

[Surah Al-Anbiyāʾ: 22]

"ആകാശഭൂമികളിൽ അല്ലാഹുവല്ലാത്ത വല്ല ദൈവങ്ങളുമുണ്ടായിരുന്നുവെങ്കിൽ അത് രണ്ടും തകരാറാകുമായിരുന്നു. അപ്പോൾ സിംഹാസനത്തിൻറെ നാഥനായ അല്ലാഹു, അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധനാകുന്നു!"

## അല്ലാഹുവിന് മക്കളില്ല, ഇണയുമില്ല, അവൻ 3 ദൈവങ്ങളിൽ ഒരാളല്ല

وَقَالَتِ ٱلْيَهُودُ عُزَيْرٌ ٱبْنُ ٱللَّهِ وَقَالَتِ ٱلنَّصَـٰرَى ٱلْمَسِيحُ ٱبْنُ ٱللَّهِ ۖ ذَٰلِكَ قَوْلُهُم بِأَفْوَٰهِهِمْ ۖ يُضَـٰهِـُٔونَ قَوْلَ ٱلَّذِينَ كَفَرُوا۟ مِن قَبْلُ ۚ قَـٰتَلَهُمُ ٱللَّهُ ۚ أَنَّىٰ يُؤْفَكُونَ

[Surah At-Tawbah: 30]

"ഉസൈർ (എസ്രാ പ്രവാചകൻ) അല്ലാഹുവിന്റെ പുത്രനാണെന്ന് യഹൂദൻമാർ പറഞ്ഞു. മസീഹ് (മിശിഹാ) അല്ലാഹുവിന്റെ പുത്രനാണെന്ന് ക്രിസ്ത്യാനികളും പറഞ്ഞു. അതവരുടെ വായ കൊണ്ടുള്ള വാക്ക് മാത്രമാണ്. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനെ അവർ അനുകരിക്കുകയാകുന്നു. അല്ലാഹു അവരെ ശപിച്ചിരിക്കുന്നു. എങ്ങനെയാണവർ തെറ്റിക്കപ്പെടുന്നത്?"

## അല്ലാഹുവിന്റെ സത്ത

💠ആരാണ് അല്ലാഹു എന്ന് കൃത്യമായി പഠിപ്പിക്കുന്ന ഒരു അദ്ധ്യായമുണ്ട് ഖുർആനിൽ.

🔺 സൂറത്തു 'ത്തൗഹീദ്  എന്നും പേരുണ്ട്.

🔺 "ഈ സൂറത്ത് ഖുർആനിന്റെ മൂന്നിൽ ഒന്നിനു സമമാണ് എന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്.

### സൂറത്തുൽ ഇഖ്ലാസ്വ്

﴿ قُلْ هُوَ ٱللَّهُ أَحَدٌ ﴾

1. (നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു.

﴿ ٱللَّهُ ٱلصَّمَدُ ﴾

2. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു.

﴿ لَمْ يَلِدْ وَلَمْ يُولَدْ ﴾

3. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല.

﴿ وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ﴾

4. അവന്ന് തുല്യനായി ആരും ഇല്ലതാനും.

❇️ യഥാർത്ഥ ദൈവത്തെ അറിയാൻ ഏറ്റവും ഉചിതമായ മാനദണ്ഡങ്ങളാണ് ഈ സൂറത്ത് പറഞ്ഞു വെക്കുന്നത്.

💠നമ്മുടെ കാഴ്ചക്കും കേൾവിക്കും സ്വാദിനും ഗന്ധത്തിനുമെല്ലാം പരിമിതികളുണ്ട്. പഞ്ചേന്ദ്രിയങ്ങൾ വഴിയുള്ള അറിവ് ഉപയോഗിച്ചാണ് നമ്മുടെ ബ്രെയിൻ കാര്യങ്ങൾ കണ്ടെത്തുന്നത്.

💠 ഇന്ദ്രിയങ്ങൾക്ക് പരിമിതികളുണ്ടെങ്കിൽ ബ്രയിനിനും പരിമിതികൾ ഉണ്ടാകണം. എന്താണ് ബ്രയിനിന്റെ പരിമിതി?

🌐 പദാർത്ഥ ലോകത്തെക്കുറിച്ച് ചിന്തിക്കുവാൻ മാത്രമേ human brain ന് കഴിയുകയുള്ളൂ.

💠 സ്രഷ്ടാവായ അല്ലാഹുവാകട്ടെ പദാർഥാതീതനുമാണ്.

❇️ അതുകൊണ്ട് ദൈവികസത്തയെക്കുറിച്ച് സ്വന്തമായ നിഗമനങ്ങളിലെത്തുവാൻ മനുഷ്യ ബുദ്ധിക്ക് സാധ്യമല്ല.

لَّا تُدْرِكُهُ ٱلْأَبْصَـٰرُ وَهُوَ يُدْرِكُ ٱلْأَبْصَـٰرَ ۖ وَهُوَ ٱللَّطِيفُ ٱلْخَبِيرُ

[Surah Al-Anʿām: 103]

"കണ്ണുകൾ അവനെ കണ്ടെത്തുകയില്ല. കണ്ണുകളെ അവൻ കണ്ടെത്തുകയും ചെയ്യും. അവൻ സൂക്ഷ്മജ്ഞാനിയും എത്ര ചെറുതും ഏറ്റവും നന്നായി അറിയുന്നവനുമാകുന്നു."

💠 അല്ലാഹുവിനെ നമ്മുടെ പരീക്ഷണ നിരീക്ഷണങ്ങൾ കൊണ്ടൊന്നും അറിയാൻ സാധിക്കുകയില്ലെന്നർത്ഥം.

💠 അവനെക്കുറിച്ച് അറിയാൻ അവന്റെ സന്ദേശങ്ങളെ (ഖുർആനിനെയും സുന്നത്തിനെയും) തന്നെ അവലംബിക്കുകയെ മാർഗമുള്ളൂ...

അല്ലാഹുവിനെ അറിയേണ്ട രൂപത്തിൽ അറിയാനും, അവനെ അറിഞ്ഞാരാധിക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ, ആമീൻ 🤲

---

## Segment 3

---

**അടുത്ത ആഴ്ച തേനരുവിയിൽ**

**ആദ്യ 4 സെഷനുകൾ ആസ്പദമാക്കിയുള്ള ക്വിസ് ആയിരിക്കും ഉണ്ടായിരിക്കുക. തയ്യാറായി വരണേ...**

**Segment 4** "Learn A Dua"

Objectives:

1. പ്രാർത്ഥനകൾ അർഥ സഹിതം പഠിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യൽ.

## ഉറക്കിൽ നിന്ന് ഉണരുമ്പോഴുള്ള പ്രാർത്ഥന -2

الْحَمْدُ لِلَّهِ الَّذِي عَافَانِي فِي جَسَدِي، وَرَدَّ عَلَيَّ رُوحِي، وَأَذِنَ لِي بِذِكْرِهِ

**എന്റെ ശരീരത്തിന് ആരോഗ്യം നൽകുകയും, എന്റെ ആത്മാവിനെ (ഉറങ്ങിയെഴുന്നേറ്റപ്പോൾ) എന്നിലേക്ക് തിരിച്ചുതരികയും, അവന്റെ അതിമഹത്വത്തെ സ്തുതിച്ചു വാഴ്ത്തുവാൻ എനിക്ക് കഴിവ് തരികയും ചെയ്ത അല്ലാഹുവിനാണ് എല്ലാ സ്തുതിയും.**

حسنه الألباني في سنن الترمذي: ٣٤٠١

## Segment 5

ISM വെളിച്ചം

QURANIC CHAPTERS

**16.** النحل **- അന്നഹ്ൽ : തേനീച്ച**

**17.** الإسراء **- അൽ ഇസ്റാഅ് : രാപ്രയാണം**

**18.** الكهف **- അൽ കഹ്ഫ് : ഗുഹ**

**19.** مريم **- മർയം**

**20.** طه **- ത്വാഹാ**

**WEEKLY TASK**

👚**Wash Your Clothes.**

**നമ്മുടെ വസ്ത്രങ്ങൾ ആരാണ് അലക്കാറ്?**

**ആഴ്ചയിൽ ഒരു ദിവസമെങ്കിലും നമ്മുടെ വസ്ത്രങ്ങൾ നമ്മൾ തന്നെ അലക്കിയാലോ?**

**ഏതായാലും ഈ ആഴ്ച നമ്മൾ അതൊരു ടാസ്ക് ആയി ചെയ്യുകയാണ്.**

**ഗ്രൂപ്പിൽ പോൾ ഇടുമ്പോൾ വോട്ട് ചെയ്യണം. (ഫോട്ടോ ഒന്നും വേണ്ട.)**

CRE WING | MSM Kerala